പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 5008 | 01.07.2013-ൽ മറുപടിയ്ക്ക്

## ടീം സോളാർ തട്ടിപ്പ് കേസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ടീം സോളാർ തട്ടിപ്പ് കേസിലെ പ്രതികളുമായി മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ ഫോണിൽ ബന്ധപ്പെട്ടുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടത് എപ്പോഴാണ്; എങ്ങനെയാണ് ശ്രദ്ധയിൽപ്പെട്ടത്; ആരൊക്കെയാണ് ബന്ധപ്പെട്ടത്; ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് എന്ത് നടപടിയാണ് സ്വീകരിച്ചത്; | (എ) സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് പെരുമ്പാവൂർ PS ൽ Crime No. 368/13 U/s 406, 419, 420 & 34 IPC യായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നവേളയിലാണ് ഇത്തരത്തിലുള്ള ആക്ഷേപം മാധ്യമങ്ങളിലൂടെയാണ് ശ്രദ്ധയിൽപ്പെട്ടത്. സോളാർ തട്ടിപ്പ് കേസുകളുടെ അന്വേഷണം നടത്തുന്ന പ്രത്യേക അന്വേഷണ സംഘം കേസന്വേഷണത്തിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ ഓഫീസ് സ്റ്റാഫുകളേയും മറ്റും കണ്ട് അന്വേഷണം നടത്തിയിട്ടുള്ളതാണ്. ആരോപണവിധേയരായ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളെ ഡ്യൂട്ടിയിൽ നിന്ന് മാറ്റി നിർത്തുകയും മറ്റും ചെയ്തിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ കേസന്വേഷണത്തെ ബാധിക്കുമെന്നതിനാൽ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (ബി) ഇത് സംബന്ധിച്ച പോലീസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ; ആരാണ് അന്വേഷണ ഉദ്യോഗസ്ഥൻ; റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (ബി) ടീം സോളാർ തട്ടിപ്പുകേസുകളുടെ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. എ.ഡി.ജി.പി. സൗത്ത്സോണിന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം കേസുകൾ അന്വേഷിച്ചു വരുന്നു. |
| (സി) അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (സി) & (ഡി) സോളാർ തട്ടിപ്പ് കേസുകളുടെ അന്വേഷണം നടന്നു വരുന്നതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (ഡി) ഇവരെ തട്ടിപ്പ് കേസിൽ പ്രതിചേർത്തിട്ടുണ്ടോ; ഇവർക്കെതിരെ സർവ്വീസ് ചട്ടപ്രകാരമുള്ള അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ടോ? | |

സെക്ഷൻ ഓഫീസർ